

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## L.P തലം

A.M.L.P SCHOOL NEDIYIRUPPU

Scanned with OKEN Scanner

## ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗങ്ങളിൽ പൊതുവിദ്യാലയങ്ങളിൽ അക്കാദമിക കാര്യങ്ങളിൽ പുത്തൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തും പരിമിതികൾ പരിഹരിച്ചും എല്ലാ പൊതു വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ്. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന പൊതു ലക്ഷ്യം ഈ മാസ്റ്റർ പ്ലാനിലൂടെ നേടുമെന്ന വിശ്വാസത്തിൽ എ.എം.എൽ.പി നെടിയിരുപ്പ് ഒരു പുതു വർഷത്തെ വരവേൽക്കുകയാണ്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും പിന്തുണയോടെ ഈ വിദ്യാലയ മികവ് തുടർന്നു കൊണ്ടിരിക്കുന്നു. ഇനിയും മികവാർന്ന രീതിയിൽ സഞ്ചരിക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകരമാകുമെന്ന പ്രതീക്ഷയിലാണ് ഈ മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്.

മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ കൊണ്ടോട്ടി ഉപജില്ലയിലെ നെടിയിരുപ്പ്, ചെറുപറമ്പ് എന്ന ഗ്രാമപ്രദേശത്താണ് എ.എം.എൽ.പി സ്കൂൾ നെടിയിരുപ്പ് എന്ന വിദ്യാലയം സ്ഥിതി ചെയ്യുന്നത്.

1920 സ്കൂളിന്റെ തുടക്കം ഓത്തുപള്ളി രൂപത്തിലായിരുന്നു. ആദ്യ സ്ഥാപനം സ്ഥിതി ചെയ്തിരുന്നത് മുസ്ലിയാരങ്ങാടി പോത്തുവെട്ടിപ്പാറ എന്ന പ്രദേശത്താണ്. പിന്നീട് 1921-ൽ സ്ഥലപരിമിതി മൂലം സ്ഥാപനം കൊണ്ടോട്ടി റോഡ് നൊട്ടനപ്പാറ എന്ന പ്രദേശത്തേക്ക് മാറ്റി സ്ഥാപിച്ചു. വർഷങ്ങൾ പിന്നിട്ടപ്പോൾ സ്ഥാപനത്തിന് ഗവൺമെന്റ് അംഗീകാരം ലഭ്യമാകുകയും (1924) സൗകര്യങ്ങൾക്കായി സ്ഥാപനം ചെറുപറമ്പ് ഭാഗത്ത് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

ജാതിമതഭേദമന്യേ വിദ്യാലയം മികച്ച രീതിയിൽ പ്രവർത്തിക്കുമ്പോൾ 190 ഓളം കുട്ടികൾ പഠനം കൈവരിക്കാൻ ഈ വിദ്യാലയത്തെ ആശ്രയിച്ചിരുന്നു.

Scanned with OKEN Scanner

അക്കാലത്ത് സ്ഥാപന മേലധികാരി കൊളങ്ങാട്ടി മരക്കാർ ഹാജി തന്നെയായിരുന്നു. അന്ന് അഞ്ച് അധ്യാപകരായിരുന്നു സ്കൂളിൽ സേവനമനുഷ്ഠിച്ചിരുന്നത്. സ്കൂളിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് നാട്ടിലെ ഉന്നതരായ പൊതു പ്രവർത്തകർ സംഘടനാ പ്രവർത്തകർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ സാന്നിധ്യം സുപ്രധാന പങ്കു വഹിച്ചു.

ഇക്കാലങ്ങളിൽ പ്രധാനാധ്യാപകരായിരുന്നു മരക്കാർ ഹാജി. K, ഉമ്മർ മുസ്‌ലിയാർ, മുഹമ്മദ് മാസ്റ്റർ, ബാപ്പു മാസ്റ്റർ, വീരാൻ കുട്ടി മാസ്റ്റർ. 1952 മരക്കാർ ഹാജിയുടെ മരണ ശേഷം സ്കൂൾ ചുമതല വീരാൻകുട്ടി മാസ്റ്റർ ഏറ്റെടുക്കുകയും കെട്ടിടങ്ങൾ വിപുലീകരിക്കുകയും ചെയ്തു. 1955-ൽ P.P വീരാൻ കുട്ടി മാസ്റ്റർ സ്ഥാപനത്തിന്റെ പൂർണ ചുമതല ഏറ്റെടുക്കുകയും (മാനേജർ) പ്രധാനാധ്യാപകനായി സ്ഥാനമേറ്റെടുക്കുകയും ചെയ്തു. 1985-ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയും അക്കാലയളവിൽ 1997-ൽ കൊളങ്ങാട്ടി ബി.ആർ.സി പരിധിയിൽ മികച്ച വിദ്യാലയമായി തിരഞ്ഞെടുത്തു.

2008-ൽ KER ഇനത്തിൽ പെട്ട പ്രധാന കെട്ടിടം പൊളിച്ചു മാറ്റി പുതിയ കെട്ടിടം പണിതു. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ മാനേജറായ പി.പി വീരാൻകുട്ടി മാസ്റ്റർക്ക് സാധിച്ചു. ബാത്ത്റൂം, ഊട്ടുപുര എന്നിവ മെച്ചപ്പെടുത്താനും ബെഞ്ച് സ്ഥാപിക്കാനും ഈ കാലയളവിൽ സാധിച്ചു.

നാല് ഡിവിഷനുകളിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനം എട്ട് എന്ന നിലയിലെത്തുകയും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്തു. 2012-ൽ മാനേജർ P.P വീരാൻകുട്ടി മാസ്റ്റർ മരണപ്പെടുകയും ശേഷം ചുമതല അദ്ദേഹത്തിന്റെ ഭാര്യയായ K. മറിയം ഏറ്റെടുക്കുകയും ചെയ്തു. 2014-2015 അധ്യയന വർഷത്തിൽ Pre- Primary വിദ്യാഭ്യാസം നടപ്പിലാക്കുകയും നാല് അധ്യാപകരെ നിയമിക്കുകയും ചെയ്തു.

ഇന്ന് 350-ൽ പരം വിദ്യാർത്ഥികൾ വിദ്യ അഭ്യസിക്കുകയും എല്ലാ മേഖലകളിലും മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും സ്കൂളിന് സാധിക്കുന്നു. നിലവിൽ 10-ഓളം അധ്യാപകരും ഇവിടെ സേവനമനുഷ്ഠിക്കുന്നു. പുതിയ കെട്ടിടനിർമ്മാണത്താരംഭം തുടക്കം കുറിക്കുന്നതിലൂടെ പുതിയ നേട്ടങ്ങൾ കൈവരിക്കാൻ ആർജ്ജിക്കുമെന്ന പ്രതീക്ഷയിൽ സ്കൂൾ മുന്നോട്ട് കുതിക്കുന്നു.

Scanned with OKEN Scanner

ഇതിന്റെ പൂർണ്ണ ഉദ്ദേശ്യം കൈവരിക്കട്ടെ.
എന്ന പ്രതീക്ഷയിൽ ഈ മാസിക ഞാൻ
അഭിമാന പൂർവ്വം സമർപ്പിക്കട്ടെ.

പി.ടി.എ പ്രസിഡന്റ്
അൻവർ റഷീദ് കെ

ഹെഡ്മിസ്ട്രസ്
സിന്ധു. കെ.പി

എം.പി.ടി.എ പ്രസിഡന്റ്
സബ്ന.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക രംഗത്ത് സംസ്ഥാനം മികവുറ്റതാക്കുന്ന അധ്യാപകർ പ്രതിനിധികളും പൊതുസമൂഹത്തിനായി നല്ല രക്ഷകർതൃ സമൂഹം. | * ലാബ്, ലൈബ്രറി സൗകര്യങ്ങൾക്ക് കെട്ടിട അപര്യാപ്തത |
| * അധ്യയന നിലയിൽ മികവുറ്റ ക്ലാസ് റൂം സൗന്ദര്യം | * ഐ.ടി അധിഷ്ഠിത പഠനമെന്നത് ക്ലാസ് റൂം തലത്തിൽ സ്വീകാര്യമായിട്ടില്ല. |
| * പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ പരിഗണിക്കുന്ന രീതിയിലുള്ള പഠന പശ്ചാത്തലം. | * കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടർ അപര്യാപ്തത, ഇന്റർനെറ്റ് സൗകര്യം ലഭ്യമാവാത്തത് ക്ലാസ് റൂം തലത്തിലെ I.T അധിഷ്ഠിത വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നു. |
| * കലാ, കായിക രംഗത്ത് മികച്ച പരിശീലനവും പ്രോത്സാഹനവും | * പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അസൗകര്യങ്ങൾ |
| * ശിശുസൗഹാർദ്ദ അന്തരീക്ഷം | |
| * കുട്ടികളുടെ വിവിധ ശേഷികൾ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള സാഹിത്യ സർഗ്ഗ പരിപാടികൾ | |
| * ദിനാചരണ പ്രവർത്തനങ്ങൾ മികവുറ്റ നിലയിൽ കുട്ടികളിലെത്തിക്കൽ. | |
| * പ്രകൃതിക്കിണങ്ങിയ അന്തരീക്ഷം. | |

## പൊതു ലക്ഷ്യങ്ങൾ.

1. സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിലെ ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക.
2. മലയാളം, ഇംഗ്ലീഷ്, അറബി എന്നീ വിഷയങ്ങൾ എഴുതാനും വായിക്കാനുമുള്ള ശേഷി നേടൽ ഉറപ്പാക്കുക.
3. ഓരോ കുട്ടിയും വിദഗ്ധന്മാരാണ് എന്നതിനെ മുൻനിർത്തി അവരുടെ ശേഷികളെ പ്രോത്സാഹിപ്പിക്കുക.
4. കമ്പ്യൂട്ടർ സാക്ഷരത വിപുലമാക്കൽ
5. സ്കൂൾ പച്ചക്കറിത്തോട്ടം വിപുലീകരിക്കൽ
6. ഹൈടെക് ക്ലാസ് റൂം എന്നതിലൂടെ ഹൈടെക് വിദ്യാലയം
7. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയ ക്ലാസ് റൂം പ്രയോഗികമാക്കൽ.
8. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
9. സ്കൂൾ പച്ചക്കറിത്തോട്ടം, സ്കൂൾ പരിസരം എന്നിവ നല്ല രീതിയിൽ നടത്തിപ്പിനായി വിദ്യാർത്ഥി കൂട്ടങ്ങൾ രൂപീകരിക്കൽ
10. പ്ലാസ്റ്റിക് നിരോധനം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമാർജ്ജനം എന്നിവയ്ക്ക് പ്രാധാന്യം നൽകുക.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1) എല്ലാ കുട്ടികളേയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും, എഴുതുന്നതിനും പ്രാപ്തരാക്കുക.
2) എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടി എന്നുറപ്പ് വരുത്തുക.
3) കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4) സർഗ്ഗാത്മക രചനകളുള്ള അവസരം സൃഷ്ടിക്കുക.
5) ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6) ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7) മികച്ച വായനാ ശീലം വളർത്തുക.
8) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.

# ഇംഗ്ലീഷ്

1.) ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2.) ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3.) സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.

4.) സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5.) സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6.) ക്ലാസ്തല വായന മൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

7) സർഗ്ഗാത്മകതാ പരിപോഷണം

8) സർഗ്ഗാത്മകതാ രചന ശേഷി വികസനം.

9.) തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി.

Scanned with OKEN Scanner

## പ്രവൃത്തി പരിചയം

* എല്ലാ കുട്ടികളിലും പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഉപകാരപ്രദമായ അലങ്കാര വസ്തുക്കൾ നിർമ്മിക്കാനുള്ള കഴിവുകൾ വികസിപ്പിക്കുക.
* പഠനാവശ്യത്തിനോ മറ്റോ ഉപയോഗപ്പെടാവുന്ന തരത്തിലുള്ള ഉൽപന്നങ്ങൾ ഉണ്ടാക്കാനുള്ള കഴിവുകൾ വികസിപ്പിക്കുന്നു.
* പാഠ്യേതര വിഷയമായും പഠനവിഷയത്തിലൂടെയുള്ള പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

* കുട്ടികളിലെ, കലാപരമായും, സർഗാത്മകപരവുമായ കഴിവുകൾ കണ്ടെത്തുക.
* ഓരോ കുട്ടിയിലുമുള്ള പ്രത്യേകമായ കഴിവ് കണ്ടെത്തി അത് വികസിപ്പിച്ചെടുക്കാനുള്ള അവസരമൊരുക്കുക.
* കലാപരമായ പഠനത്തിന് ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുക.
* കുട്ടികളിൽ താൻ ഒന്നാമനാണ് എന്ന ബോധം ഉണ്ടാകുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

* ഏത് കാര്യത്തിനും പ്രാപ്തരാകും വിധമുള്ള മാനസിക ശക്തി കൈവരിക്കാനുള്ള അവബോധം ഉണ്ടാക്കുക.
* മുഴുവൻ കുട്ടികളെയും കായികപരമായി ആരോഗ്യക്ഷമതയുള്ളവരാക്കുക.
* ആരോഗ്യശീലങ്ങൾ വളർത്തുക.

Scanned with OKEN Scanner

* കുട്ടികൾ വളരുന്ന ചുറ്റുപാടിനെ (വീട്ടു പരിസരവും, സ്കൂൾ പരിസരവും) മാലിന്യമുക്തവും, ഹരിതാഭവും ആക്കിയെടുക്കാനുള്ള അവസരവും, അതിനുതകുന്ന ആരോഗ്യ, കായിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള കൊടുക്കുക.

## അറബിക്

* വായന, എഴുത്ത് എന്നിവയിലൂടെ അറബിഭാഷ ശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ്മുറികളിൽ ഒരുക്കുക.
* മുഴുവൻ കുട്ടികളെയും ആശയങ്ങൾ മനസ്സിലാക്കി വായിക്കാനും, എഴുതുവാനും പ്രാപ്തരാക്കുക.
* അറബിഭാഷയുടെ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പാക്കുന്നതിനും, അതോടൊപ്പം ഭാഷയുടെ മൂല്യ മനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക.
* ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

## പരിസര പഠനം

* ശാസ്ത്രീയ രീതി അവലംബിക്കാനുള്ള അനുഭവം ഉണ്ടാക്കുക.
* ആധുനിക സൗകര്യത്തോടെയുള്ള ലാബ് തയ്യാറാക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി ഉപയോഗപ്പെടുത്തുക.
* ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തി ശാസ്ത്ര പഠനത്തിലൂടെ താൽപര്യം, ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

Scanned with OKEN Scanner

## സാമൂഹികാവബോധം

* ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കാനാവശ്യമായ വേദികൾ ഒരുക്കുക.
* സമൂഹത്തിൽ തനിക്കുള്ള ഉത്തരവാദിത്വം മനസ്സിലാക്കി പ്രവർത്തിക്കാൻ കുട്ടികളെ സജ്ജരാക്കുക.
* ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.

## ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ കുട്ടികളിൽ ഉറപ്പുവരുത്തി. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
* ഗണിത ശേഷികൾ ഓരോ ക്ലാസ്സിലെയും കുട്ടികൾ നേടി എന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം, ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.
* വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

Scanned with OKEN Scanner

# മലയാളം / പഠന പിന്നോക്കാവസ്ഥ

## പ്രവർത്തനം: 1

**പേര്: പുസ്തകങ്ങളിലൂടെ ഒരു യാത്ര**

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ലഘു വിവരണവും പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (2 പ്രാവശ്യം) | ക്ലാസ് ടീച്ചർ | 1000 |

## പ്രവർത്തനം: 2

**പേര്: എന്റെ അവധിക്കാലം പുസ്തകം**

ഉപമേഖല: വായന, ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ഒരുക്കുന്നു. എന്റെ അവധിക്കാലം പുസ്തകത്തിൽ അനുഭവങ്ങൾ പങ്കുവെക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

Scanned with OKEN Scanner

പ്രവർത്തനം: 33

ഇനം പേര്: **സാഹിത്യസമാജം**

ഉപമേഖല: പ്രകടന മേഖലകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും സർഗ്ഗപ്രതിഭകളെ വികസിപ്പിക്കുന്നതിനും വളർത്തുന്നതിനും പ്രവർത്തിക്കുന്നു. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ. വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം: 34

പേര്: **പത്രവായന**

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | സ്കൂൾ അസംബ്ലിയിൽ പത്രവായന ഉൾപ്പെടുത്തൽ. | ജൂൺ മുതൽ മാർച്ച് വരെ | ഹെഡ് മിസ്ട്രസ് | 2000 |

പ്രവർത്തനം: 35

പേര്: **സചിത്ര പുസ്തകങ്ങൾ**

ഉപമേഖല: ആശയ ഗ്രഹണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം. | ജൂൺ, ജൂലൈ | ഭാഷാ-ക്ലബ്ബ് | 2000 |

പ്രവർത്തനം :16

പേര് : **സംയുക്ത ഡയറി മാഗസിൻ പ്രകാശനം**

ഉപമേഖല: ആശയ വിനിമയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി വർധിപ്പിക്കൽ | അമ്മയും കുട്ടിയും ഒരു ദിവസവും കുട്ടിക്ക് വിശേഷപ്പെട്ട ദിവസത്തിന്റെ ഡയറി, കുറിപ്പ് രൂപത്തിൽ എഴുതുന്നു. മാഗസിൻ പ്രകാശനം | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം :17

പേര് : **തുഷാരം - പത്ര നിർമ്മാണം**

ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറിവുകൾ വിവിധ മാധ്യമങ്ങളിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | സ്കൂളിനകത്തു നടക്കുന്ന പ്രധാന റിപ്പോർട്ടുകൾ ഉൾപ്പെടുത്തി നോട്ടീസ് ബോർഡിൽ പ്രദർശനം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | 3000 |

Scanned with OKEN Scanner

## ഇംഗ്ലീഷ്

പ്രവർത്തനം :- 1

പേര് :- ന്യൂസ് റീഡിങ്

മേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് വായന മെച്ചപ്പെടുത്താനും ഗ്രഹിക്കാനും സഹായിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ന്യൂസ് റീഡിങ് കുട്ടികൾ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം :- 2

പേര് :- ഇംഗ്ലീഷ് പ്രെയർ

മേഖല :- ആലാപനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലൂടെയും വിദ്യാർത്ഥികളുടെ സംസാരവും ഭാഷാ വികാസവും. | എല്ലാ ആഴ്ചയിലും ഒരു ദിവസം ഇംഗ്ലീഷിൽ പ്രാർത്ഥന ചൊല്ലുന്നു | ആഴ്ചയിൽ ഒരു ദിവസം | 3, 4 ക്ലാസിലെ ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം :- 3

പേര് :- വായന പ്രോത്സാഹന പുസ്തകം

ഉപമേഖല :- വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലെ വായന മെച്ചപ്പെടുത്താനും ഇംഗ്ലീഷ് കോർണർ രൂപീകരിക്കാനും സാധിക്കുന്നു. | പിറന്നാൾ ദിനം ചെറിയ കൊച്ചു പുസ്തകങ്ങൾ ഇംഗ്ലീഷ് ലൈബ്രറിയിലേക്ക് (കോർണർ) സമ്മാനിക്കുന്നു<br>* ചെറുകഥ<br>* കഥ<br>* കവിത | പിറന്നാൾ ദിവസം. | കുട്ടികൾ | 50/100 |

പ്രവർത്തനം : 4

പേര് :- ക്ലാസ് ഡയറി

ഉപമേഖല :- ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിന്റെ എഴുത്തിലെ വ്യക്തതയ്ക്കും സാധിക്കുന്നു | ഓരോ ദിവസത്തെയും കുട്ടികളുടെ അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ് ടീച്ചർ | |

Scanned with OKEN Scanner

പ്രവർത്തനം :- 5

പേര് :- ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല :- പ്രഭാഷണ ശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാധ്യമായ വിലയിരുത്തൽ |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള അവതാരകർക്ക് അവസരം നൽകുകയും ഇംഗ്ലീഷിലെ വായനയുടെ വളർച്ച ഉറപ്പുവരുത്തുകയും ചെയ്യുന്നു | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ ഇംഗ്ലീഷിൽ അസംബ്ലി വിളിച്ച് ചേർക്കുകയും മറ്റുള്ളവർ പ്രതിപാദിക്കുകയും ഇംഗ്ലീഷിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | ആഴ്ചയിൽ ഒരു ദിവസം | 3, 4 ക്ലാസിലെ കുട്ടികൾ ടീച്ചറുടെ സഹായത്തോടുകൂടി. | |

പ്രവർത്തനം :- 6

പേര് :- ഇംഗ്ലീഷ് സ്റ്റോറി റീഡിങ്

ഉപമേഖല :- ശ്രവണം, വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാധ്യമായ വിലയിരുത്തൽ |
|---|---|---|---|---|
| ഇംഗ്ലീഷിൽ വായനാശീലം ഉണ്ടാക്കുന്നു. | ഇംഗ്ലീഷ് സ്റ്റോറി റീഡിങ്ങിലൂടെ വായനയുടെ വൈവിധ്യങ്ങളും ശബ്ദങ്ങളും ഭാവങ്ങളും | ആഴ്ചയിൽ 2 തവണ | ക്ലാസ് ടീച്ചർ. | |

# പരിസരപഠനം

പ്രവർത്തനം -1

പേര് : എന്റെ പരീക്ഷണം.

ഉദ്ദേശ്യം : ശാസ്ത്രീയ മനോഭാവം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനത്തിൽ താൽപ്പര്യം വളർത്തുക ശാസ്ത്രീയ മനോഭാവം സൃഷ്ടിക്കുക | • പരീക്ഷണങ്ങൾ ചെയ്യൽ. • പരീക്ഷണ കിറ്റ് വാങ്ങൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2

പേര് : ശാസ്ത്രകിറ്റ് ഒരുക്കാം

ഉദ്ദേശ്യം : നിരീക്ഷണം. ശാസ്ത്രപ്രക്രിയകളിലൂടെ കടന്നു പോവൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷികളിലൂടെ കുട്ടികളെക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | • പരീക്ഷണ കിറ്റ് വാങ്ങൽ • | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2500. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ഒരുക്കൽ (ഉദാ: കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ്ടീച്ചർ | |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ H.W പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും. | ക്ലാസ്ടീച്ചർ | |
| പാഠപദ്ധതിയിൽ ഉള്ള എല്ലാ പഠനനേട്ടങ്ങൾ എല്ലാ കുട്ടികളിലും ആർജിതമാക്കൽ. | എല്ലാ ക്ലാസ് യൂണിറ്റിലെയും പഠനനേട്ടങ്ങൾ ഉൾപ്പെടുത്തി worksheet തയ്യാറാക്കൽ | ഓരോ ടേമിലും | SSG | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (പഠനപ്രക്രിയകൾ രസകരമാക്കൽ) | വിവിധ തരം ക്വിസ് മത്സരങ്ങൾ നടപ്പിലാക്കൽ മൂല്യനിർണയം (ഏതെങ്കിലും പാഠഭാഗങ്ങൾ / ഡിസ്കസ് ചെയ്ത്) സങ്കലനം, വ്യവകലനം (ക്രിയകൾ) | വർഷം മുഴുവൻ | SRG Class teacher | PTA |

**ഒറിഗാമിയിലൂടെ പഠിക്കാം**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ, കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണവും പ്രദർശനം | ഉചിതമായ സമയത്ത് | Class teacher | PTA |

**ഗണിതമേള**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG Class teacher | PTA |

**ഗണിത പഠനോപകരണ ശില്പശാല**

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | SRG Class teacher | PTA |

Scanned with OKEN Scanner

...പ്രവർത്തനം : 1

...ര് : ലോക ഭാഷ- അറബി ഭാഷ

...മേഖല : അടിസ്ഥാന ശേഷി വികസനം.

| ...ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...വി ...ളിൽ ...ധ്യാന ...ങ്ങൾ ...ിലെ ...ുക. | * പ്രൈമറി തലം മുതൽ ഭാഷ്യമാലകളുടെ ഊടി ഉറപ്പിക്കുക.<br>* ഭാഷ്യമാലയുടെ മുൻ പരിചയം, ഉച്ചാരണത്തോടു പരിശോധന.<br>* അക്ഷരങ്ങൾ ഉറപ്പിക്കൽ<br>* പദ നിർമ്മിതികൾ<br>* ഭാഷാ കളികൾ | രണ്ടു മാസം | അറബി ടീച്ചർ | |

...പ്രവർത്തനം : 2

...ര് : അറബി വായനോത്സവം

...മേഖല : വായന

| ...ക്ഷ്യം | | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...വർ ...ളിലും ...വി ...ാ ...ന ...ങ്ങൾ ...ര ...ിക്കുക | * ക്ലാസ് തല വായനാ മത്സരം നടത്തുക.<br>* ക്ലാസ് തല ലൈബ്രറി<br>* സ്കൂൾ തല ലൈബ്രറി.<br>* വായനാ കാർഡുകൾ<br>* അറബിക് പുസ്തക വായന, അറബിക് കാർട്ടൂൺസ്. | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

...പ്രവർത്തനം : 3

...ര് : അറബി രചനോത്സവം

...മേഖല : ലേഖനം

| ...ക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| [illegible] | * അറബിക് പതിപ്പുകളുടെ നിർമ്മാണം.<br>* വായനാ കാർഡ് ശേഖരണം.<br>* അറബിക് പത്രങ്ങൾ, പോസ്റ്ററുകൾ<br>... കളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

Scanned with OKEN Scanner

പ്രവർത്തനം : 1

പേര് : ആരോഗ്യ അറിവ്.

ഉപമേഖല : സാമൂഹിക അവബോധന പദ്ധതികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| കുട്ടികൾക്ക് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ, വിഷയങ്ങൾ, സന്ദർഭങ്ങൾ എന്നിവയിലൂടെ അവബോധം ഉണർത്തുന്നതിന്. | പ്രാദേശികമായി ഉളവാകുന്ന അവബോധന ശിബിരം, സെമിനാറുകൾ എന്നിവ. ചർച്ചകൾ, സംവാദങ്ങൾ ക്ലാസ് തലത്തിൽ സംഘടിപ്പിക്കാം. | ഓരോ മാസത്തിലും. | ക്ലാസ് ടീച്ചർ. | |

പ്രവർത്തനം : 2

പേര് : പ്രാദേശിക അറിവ്.

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരിക മഹത്വവും അതിന്റെ തനിമ നില നിർത്തുന്നതിന്. | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുക. ഫീൽഡ് ട്രിപ്പുകൾ നടത്തുക. രേഖ ചെയ്യുക. | നവംബർ. | SSG. | |

പ്രവർത്തനം : 3.

പേര് : ഫീൽഡ് ട്രിപ്പ്.

ഉപമേഖല : പൊതു സ്ഥാപനങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|
| സമൂഹത്തിന്റെ ഉന്നമനത്തിന് സഹായകമായ സ്ഥാപനങ്ങൾ പോലീസ് സ്റ്റേഷൻ, Post office തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കാൻ അവസരം ഒരുക്കി കൊടുക്കുക | പൊതു സ്ഥാപനങ്ങളായ Railway station, Police station, bus stand തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് കുട്ടികൾക്ക് ഒരു ഫീൽഡ് ട്രിപ്പ്. | ഒരു മാസത്തിൽ. | ക്ലാസ് ടീച്ചർ. | |

വിവര സാങ്കേതിക വിദ്യ.

പ്രവർത്തനം : 1

പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം.

ഉപമേഖല : അദ്ധ്യാപക ശാക്തീകരണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം. | ചുമതല | സാമ്പത്തിക വിഭവം. |
|---|---|---|---|---|
| പഠന പ്രവർത്തനങ്ങളിൽ വിവര സാങ്കേതിക വിദ്യ കൂടിയാണന്നും ഉപയോഗിക്കുക. | പാഠത്തിന് ആവശ്യമായ ചിത്രങ്ങൾ വീഡിയോകൾ ICT വഴി പ്രദർശിപ്പിക്കുക. | ഓരോ മാസവും | SITC | |

പ്രവർത്തനം : 2

പേര് : IT corner.

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാപനം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല. | സാമ്പത്തിക വിഭവം. |
|---|---|---|---|---|
| കുട്ടികൾക്ക് ഗ്രൂപ്പുകളായി സ്വതന്ത്രമായി കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം ഒരുക്കുന്നു. | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ കുട്ടികളെ ഗ്രൂപ്പുകളാക്കി പ്രവർത്തിപ്പിക്കാനുള്ള അവസരങ്ങൾ സംഘടിപ്പിക്കൽ. | ജൂൺ/ ആഗസ്റ്റ്. | SITC. | |

പ്രവർത്തനം: 1

പേര് : പ്രവൃത്തി പരിചയ ശില്പശാല.

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിഭവം. |
|---|---|---|---|---|
| പ്രവൃത്തി പരിചയ നിർമ്മാണത്തിന്റെ എല്ലാ കുട്ടികളിലും കഴിവുണ്ടാകും പരിപോഷിപ്പിക്കുക. | പ്രവൃത്തി പരിചയ നിർമ്മാണ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. നിർമ്മിക്കേണ്ടവ:- ചന്ദനത്തിരി, പാവ, ചോക്ക്, | September | class teacher | |



Scanned with OKEN Scanner

പ്രവർത്തനം: 2

പേര് : പേപ്പർ ബാഗ് നിർമ്മാണം

ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിഭവം. |
|---|---|---|---|---|
| പേപ്പർ കൊണ്ടുള്ള നിർമ്മാണ കഴിവുകൾ പരിപോഷിപ്പിക്കുക. | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ഒരുക്കുക. | ജൂൺ - മാർച്ച് | SSG. | |

പ്രവർത്തനം: 3

പേര് : ഒറിഗാമി.

ഉപമേഖല : കരകൗശല പരിശീലനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തിക വിഭവം. |
|---|---|---|---|---|
| കലാ വിഷയവുമായി പഠനവുമായി പ്രവൃത്തി പരിചയാനുഭവങ്ങൾ ലഭ്യമാക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ. | july | Resource person | |



Scanned with OKEN Scanner

# സർഗ വേദി

പ്രവർത്തനം : 1

പേര് : സർഗവേദി

ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| കലാരംഗത്ത് മികവു പ്രകടനം (സർഗാത്മക കഴിവ് ഉയർത്തൽ) | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾക്ക് സാഹിത്യസമാജം നടത്തൽ. നേതൃത്വം : വിദ്യാർത്ഥികൾ | എല്ലാ ആഴ്ചയിലും. | SRG |

പ്രവർത്തനം : 2

പേര് : ടാലന്റ് പ്രോഗ്രാം

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| ഓരോ കുട്ടിയേയും മികവു നിലവാരത്തിനൊത്തിണങ്ങുന്ന പരിപാടികൾ ആവിഷ്കരിക്കൽ | കല, ചിത്ര രചന, ക്രാഫ്റ്റ് വർക്ക്, വെയിസ്റ്റിന് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം. | എല്ലാ മാസത്തിലും | SRG |

പ്രവർത്തനം : 3

പേര് : പ്രകടന വേദികൾ

ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിയുടെയും കഴിവ് വികസിപ്പിക്കുന്നതിന് വേണ്ട അവസരം നൽകുക | കുട്ടികളുടെ പ്രവർത്തനങ്ങൾ വാട്സാപ്പ് വഴി പ്രചരിപ്പിക്കൽ | ജൂൺ - മാർച്ച് | SRG |

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : ഫുട്ബോൾ കോച്ചിംഗ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കായിക ശേഷി വർധിപ്പിക്കൽ | ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് | ജൂൺ- മാർച്ച് | HM<br>SRG<br>PTA |

പ്രവർത്തനം : 2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക. | കായികാരോഗ്യക്ഷമത ഉറപ്പു വരുത്താൻ ആദ്യ ടേമിൽ ഹെൽത്ത് ചെക്ക് അപ്പ് നടത്തൽ | ജൂൺ- സെപ്തംബർ | P.T.A |

Scanned with OKEN Scanner